അടിയന്തിരം

*വ്യക്തിപരമായ ശ്രദ്ധയ്ക്ക്*

നമ്പർ എ07/35229/06

കളക്ടറേറ്റ്, എറണാകുളം
തിയതി : 26.11.2009

പ്രേഷിതൻ
ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം

സർ

വിഷയം  'നമ്മുടെ സുരക്ഷ' പദ്ധതി – സ്കൂളുകളിൽ സുരക്ഷ പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച്

സൂചന  ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 25.11.09 ലെ കുറിപ്പ്

കുട്ടികളുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കാനുദ്ദേശിച്ച് ദുരന്തനിവാരണ അതോറിറ്റി 'നമ്മുടെ സുരക്ഷ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും. 2009 ഡിസംബർ മാസത്തിൽ സുരക്ഷാ പ്രതിജ്ഞ ചൊല്ലിക്കൊണ്ട് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും 20.11.09 ൽ ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തെ സ്കൂളുകളിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കൈക്കൊള്ളേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണക്കുറിപ്പും സത്യപ്രതിജ്ഞാവാചകവും 24.11.09 ലെ യോഗത്തിൽ പങ്കെടുത്ത വിദ്യാഭ്യാസ ഡെ. ഡയറക്ടർക്ക് നൽകിയിട്ടുള്ളതായി സൂചനപ്രകാരം അറിയിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ എല്ലാ സ്കൂളുകളിലും 01.12.09 തിയതി രാവിലെ 10.30 ന് സ്കൂൾ അസംബ്ലിയിൽ സുരക്ഷാ പ്രതിജ്ഞ എടുക്കുന്നതിനുവേണ്ടി എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്. സ്കൂളുകളിൽ എം എൽ എ മാർ, ജനപ്രതിനിധികൾ, കലാ–സാംസ്കാരിക നായകർ തുടങ്ങി സമൂഹത്തിലെ ആദരണീയരായ വ്യക്തികളേയും സിനിമാതാരങ്ങളേയും മുഖ്യാതിഥികളായി നിശ്ചയിച്ച് പരിപാടി നടത്തേണ്ടതാണ്. ആയതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട സംഗതികൾ കളക്ടറേറ്റിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

01.12.09 ലെ പ്രതിജ്ഞയെടുക്കൽ ചടങ്ങുകൾ സമുചിതമായ പ്രാധാന്യം നൽകി നടത്തേണ്ടതും സമൂഹത്തിന്റെ ശ്രദ്ധയിൽ വരുത്തുന്നതിനുവേണ്ടി വിജയകരമായ പ്രവർത്തനം നടത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

26/11/9

ജില്ലാകളക്ടർക്കുവേണ്ടി

*sl1/26.11*